പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5990

04.11.2016 -ൽ
മറുപടിയ്ക്ക്

## 2016-17 വർഷത്തെ എൽ.എൽ.ബി അഡ്മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചു വർഷം ദൈർഘ്യമുള്ള എൽ.എൽ.ബി (Integrated 5 year LL.B) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി കേരള എൻട്രൻസ് പരീക്ഷ കമ്മീഷണർ പ്രവേശന പരീക്ഷ നടത്തി 08.09.2016-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും നാളിതുവരെ പ്രവേശന നടപടികൾ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ; | (എ) | പഞ്ചവൽസര എൽ.എൽ.ബി. കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഉയർന്ന പ്രായപരിധി ഏർപ്പെടുത്തിക്കൊണ്ടുള്ള ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ 17.09.2016 ലെ BC1:D:1519 (LE:Cir)- 6 അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിലും എൽ.എൽ.ബി പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഏർപ്പെടുത്താൻ തീരുമാനിക്കുകയും, ഇതിൻപ്രകാരം 21.10.2016 തീയതിയിൽ ജി.ഒ (എം.എസ്) 213/16/ഉ.വി.വ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓപ്ഷനും അലോട്ട്മെന്റും പുനക്രമീകരിക്കേണ്ടിവന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം ഇനിയും കാലതാമസം കൂടാതെ അഡ്മിഷൻ/അലോട്ട്മെന്റ് നടത്താൻ പ്രവേശന പരീക്ഷ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രവേശന നടപടികൾ അനന്തമായി നീളുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഒരു അക്കാദമിക് വർഷത്തിന്റെ പകുതിയിലധികം സമയവും നഷ്ടമായിക്കഴിഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എത്രയും വേഗം പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രവേശന നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നിർദ്ദേശം പ്രവേശനപരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ